17
ഫെബ്രുവരി 2019 ഞായർ
1194 കുംഭം 5
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

20 പേജ് ₹ 8.00

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ധീരതയുടെ വസന്തയോദ്ധാവ്

വിങ്ങുന്ന ഓർമ്മയായി...

പ്രദീപ് മാനന്തവാടി

കൽപറ്റ: മകന് അമർ ദീപെന്ന് പേര് നൽകിയ ഇന്ത്യയുടെ ധീര ജവാൻ വി.വി. വസന്തകുമാറിന്റെ ഭൗതികശരീരം പതിനായിരങ്ങളുടെ അശ്രുപൂജയോടെ വയാനാടിന്റെ മണ്ണിൽ ലയിച്ചുചേർന്നു.

വീടിന്റെ കാവലല്ല രാജ്യത്തിന്റെ കാവലാണ് പ്രധാനമെന്ന് തീരുമാനിച്ച് സൈനികനായ വസന്തകുമാറിന് അന്ത്യോപചാരമർപ്പിക്കാൻ വൻ ജനാവലിയാണ് വഴിയോരങ്ങളിലും പൊതുദർശനത്തിനുവച്ചലക്കിടി സ്കൂളിലും തൃക്കൈപ്പറ്റയിലെ തറവാട്ട് വീട്ടിലും തടിച്ചുകൂടിയത്. ഇന്നലെ രാത്രി 9.45ന് മുക്കംകുന്ന് കുടുംബ ശ്മശാനത്തിലായിരുന്നു സൈനിക ബഹുമതികളോടെ സംസ്കാരം നടന്നത്. ജമ്മുകാശ്മീരിലെ പുൽവാമയിൽ രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച പ്രിയങ്കരനായ ധീരയോദ്ധാവിന് അശ്രുപൂജ അർപ്പിക്കാൻ അവിടെയും ജനങ്ങൾ തടിച്ചുകൂടിയിരുന്നു. ഏതാനും ദിവസത്തെ അവധിക്ക് വയനാട്ടിലെത്തി കഴിഞ്ഞ എട്ടാം തീയതി ചിരിച്ചുകൊണ്ട് അതിർത്തിയിലേക്ക് തിരിച്ചുപോയ വയനാടിന്റെ മകൻ ജ്വലിക്കുന്ന ഓർമ്മയായപ്പോൾ ഏവരുടെയും മനസിൽ വസന്തകുമാറിന്റെ തിരാനഷ്ടം പേറുന്ന കുടുംബവും വിങ്ങലോടെ തെളിഞ്ഞുനിന്നു. അമർ ദീപ് എന്ന പേര് ഇപ്പോൾ യു.കെ. ജി വിദ്യാർത്ഥിയായ മകന് ചാർത്തിയ വസന്തകുമാർ ഉള്ളിന്റെ ഉള്ളിൽ എല്ലാം നേരത്തേ കണ്ടിരുന്നപോലെ.

കരിപ്പൂർ എയർപോർട്ടിൽ ഉച്ചയ്ക്ക് രണ്ട് മണിയോടെ എത്തിയ ഭൗതികദേഹം 2.50നാണ് വയനാട്ടിലേക്ക് കൊണ്ടുപോയത്. വസന്തകുമാർ നാലാംക്ലാസുവരെ പഠിച്ചലക്കിടി സ്കൂളിലെ പൊതുദർശനം 35മിനിട്ടുകൊണ്ട് പൂർത്തിയാക്കി രാത്രി 7.20 ഓടെ മൃതദേഹം ശവസംസ്കാര ചടങ്ങുകൾക്കായി തൃക്കൈപ്പറ്റയിലെ തറവാട്ട് വീട്ടിലേക്ക് കൊണ്ടുപോവുകയായിരുന്നു. മന്ത്രിമാരായ എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ വളരെ പ്രയാസപ്പെട്ടാണ് ജനപ്രവാഹത്തെ നിയന്ത്രിച്ച് പൊതുദർശനം പൂർത്തിയാക്കിയത്. മണിക്കൂറുകൾ കഴിഞ്ഞാലും തീരാത്ത തരത്തിൽ ജനങ്ങൾ ഇവിടേക്ക് ഒഴുകിയെത്തുകയായിരുന്നു. ധീരപുത്രന്റെ ഭൗതികശരീരം ഒരുനോക്ക് കാണാനാകാതെയാണ് പലരും മടങ്ങിയത്. സ്വന്തം വീട്ടിലെ ഒരു അംഗം എന്നന്നേക്കുമായി നഷ്ടപ്പെട്ടപോലെയായിരുന്നു എല്ലാവർക്കും.

ഭീകരതയ്ക്കെതിരെ ഒറ്റക്കെട്ടായി സർവ്വകക്ഷി യോഗം

ന്യൂഡൽഹി: ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ഇന്നലെ വിളിച്ച സർവ്വകക്ഷി യോഗം ഭീകരതയ്ക്കെതിരെ പോരാടുന്ന ജവാൻമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രമേയം പാസാക്കി. അതിർത്തി കടന്നുള്ള ഭീകരതയെ ചെറുക്കാൻ ഒറ്റക്കെട്ടായി നിൽക്കുമെന്നും പ്രമേയം വ്യക്തമാക്കുന്നു. പാർലമെന്റിന്റെ അനക്സിൽ ആഭ്യന്തരമന്ത്രി രാജ്നാഥ്സിംഗിന്റെ അദ്ധ്യക്ഷതയിലാണ് യോഗം ചേർന്നത്.

കഴിഞ്ഞ ദിവസം ജമ്മുവിൽ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായ സ്ഥിതിഗതികൾ വിവരിച്ച രാജ്നാഥ് ഭീകരർക്കെതിരെ നടപടിയെടുക്കാൻ സൈന്യത്തിന് എല്ലാ സ്വാതന്ത്ര്യവും നൽകിയെന്ന് പറഞ്ഞു. അതിർത്തി കടന്നുവരുന്ന ഭീകരർക്ക് പ്രാദേശികമായ സഹായം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജവാൻമാരുടെ പോരാട്ടത്തിന് പിന്തുണയും ഭീകരതയ്ക്കെതിരെ കന്യാകുമാരി മുതൽ കാശ്മീർ വരെ ഒറ്റക്കെട്ടാണെന്ന സന്ദേശവും യോഗം നൽകണം. രക്തസാക്ഷിത്വം വഹിച്ചവരുടെ കുടുംബങ്ങൾക്ക് കേന്ദ്രസർക്കാർ എല്ലാ സഹായവും ചെയ്യും. സംസ്ഥാന സർക്കാരുകളും ഇതിനായി മുന്നോട്ടുവരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പാക് ഉത്പന്നങ്ങൾക്ക് കസ്റ്റംസ് തീരുവ 200 % വർദ്ധിപ്പിച്ചു പേജ് 9

ധീരജവാന്മാർക്ക് ബിഗ് സല്യൂട്ട് പേജ് 13

പ്രാണ വസന്തം പൊഴിഞ്ഞു... *വീരമൃത്യു വരിച്ച ജവാൻ വസന്തകുമാറിന്റെ മൃതദേഹത്തിന് മുൻപിൽ വിലപിക്കുന്ന ഭാര്യ ഷീനയും മകൾ അനാമികയും ഫോട്ടോ : രോഹിത്ത് തയ്യിൽ*

ഒറ്റനോട്ടം

മസൂദ് ലോക ഭീകരൻ: ചാപ്പ കുത്താനുള്ള തടസം നീക്കും
പേജ് 09

യു.ഡി.എഫ് യോഗം നാളെ: ആകാംക്ഷ ജോസഫ് നിലപാടിൽ
പേജ് 07

ആർ.സി.സിയിൽ മരുന്ന് വാങ്ങാൻ ഇനി കാത്തു നിൽക്കേണ്ട
പേജ് 08

എയർ കേരളയ്ക്കായി ശ്രമിക്കും: മുഖ്യമന്ത്രി
പേജ് 04

കൊട്ടിയൂർ പീഡനക്കേസ്

ഫാ. റോബിന് 20 വർഷം ജയിൽ

മൂന്ന് ലക്ഷം രൂപ പിഴയും നൽകണം: പോക്സോ കോടതി

പോക്സോ കേസുകളിൽ ഇത്രയും കടുത്ത ശിക്ഷ ആദ്യം

പ്രത്യേക ലേഖകൻ

തലശേരി : കൊട്ടിയൂരിൽ പ്രായപൂർത്തിയാകാത്ത പ്ലസ് വൺ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ കേസിൽ ഒന്നാംപ്രതി ഫാ. റോബിൻ വടക്കുംചേരിക്ക് 20 വർഷം കഠിന തടവും മൂന്നുലക്ഷം രൂപ പിഴയും തലശേരി പോക്സോകോടതി വിധിച്ചു. മൂന്ന് വകുപ്പുകൾ പ്രകാരം 60 വർഷം തടവുശിക്ഷയാണ് കോടതി വിധിച്ചത്. അത് ഒന്നിച്ച് 20 വർഷം കഠിന തടവ് അനുഭവിച്ചാൽ മതിയാകും.

പിഴയിൽ നിന്ന് ഒന്നരലക്ഷം രൂപ ഇരയ്ക്ക് നൽകണം. കള്ളസാക്ഷി പറഞ്ഞതിന് പെൺകുട്ടിയുടെ അച്ഛനും അമ്മയ്ക്കുമെതിരെ നടപടിയെടുക്കാനും ശിക്ഷ വിധിച്ച തലശേരി പോക്സോ ജഡ്ജി പി. എൻ. വിനോദ് ഉത്തരവിട്ടു. ഫാ. റോബിൻ കുറ്റക്കാരനാണെന്ന് ഇന്നലെ ഉച്ചയോടെ കോടതി കണ്ടെത്തിയിരുന്നു. ആറ് പ്രതികളെ വെറുതേ വിട്ടു.

കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിവികാരിയും കൊട്ടിയൂർ ഐ.ജെ.എം. എച്ച്. എസ്.എസ് ലോക്കൽ മാനേജരുമായിരുന്ന വയനാട് നടവയലിലെ ഫാ. റോബിൻ വടക്കുംചേരി(റോബിൻമാത്യു-51). ബലാത്സംഗത്തിനും പോക്സോ വകുപ്പ് പ്രകാരവുമായിരുന്നു വൈദികനെതിരായ കേസ്. ഇയാൾ ഉൾപ്പെടെ ഏഴു പ്രതികളാണ് വിചാരണ നേരിട്ടത്. പ്രതികളായിരുന്ന മൂന്നുപേരെ വിചാരണയിൽ നിന്ന് സുപ്രീംകോടതി ഒഴിവാക്കിയിരുന്നു.

രണ്ടാം പ്രതി കൊട്ടിയൂർ പാലുകാച്ചി നെല്ലിയാനി വീട്ടിൽ തങ്കമ്മ എന്ന അന്നമ്മ (54), ആറാം പ്രതി തോണിച്ചാൽ ക്രിസ്തുദാസി കോൺവെന്റിലെ സിസ്റ്റർ അനീറ്റ (48), എട്ടാം പ്രതി മാനന്തവാടി വൈത്തിരി ഹോളി ഇൻഫന്റ് മേരി ഹോണ്ട്ലിംഗ് ഹോമിലെ സിസ്റ്റർ കോട്ടയം പാലമീനച്ചിൽ നന്തിക്കാട് വീട്ടിൽ ഒഫീലിയ (73), ഒമ്പതാംപ്രതി കൊളവയൽ സെന്റ് ജോർജ് പള്ളി വികാരിയും വയനാട് ശിശുക്ഷേമ സമിതി മുൻ ചെയർമാനുമായ കോഴിക്കോട് പെരുവണ്ണാമൂഴി ചെമ്മനോട്ട് തേരകം ഹൗസിൽ ഫാ. തോമസ് ജോസഫ് തേരകം, പത്താം പ്രതി വയനാട് ശിശുക്ഷേമ സമിതി അംഗവും കൽപ്പറ്റയിലെ സ്വകാര്യ ആശുപത്രിയിൽ ഡോക്ടറുമായ ഇടുക്കി മൂലമറ്റം കളപ്പുരയിൽ സിസ്റ്റർ ബെറ്റാ ജോസ് എന്ന അച്ചാമ്മ ജോസഫ്(71) എന്നിവരെയാണ് വെറുതേ വിട്ടത്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പ്രസവവിവരം മറച്ചുവച്ച എന്നതായിരുന്നു ഇവർക്കെതിരായ കുറ്റം. എന്നാൽ ഇതു തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ല. പെൺകുട്ടി ജന്മം നൽകിയ കുഞ്ഞിന് സംരക്ഷണം നൽകാൻ കണ്ണൂർ ലീഗൽ സർവീസ് സൊസൈറ്റിയോട് കോടതി നിർദേശിച്ചിട്ടുണ്ട്. പ്രോസിക്യൂഷനു വേണ്ടി ബി.പി. ശശീന്ദ്രൻ, ബീന കാളിയത്ത്, സി.കെ. രാമചന്ദ്രൻ എന്നിവർ ഹാജരായി.

നാൾവഴി ഇങ്ങനെ

- പെൺകുട്ടിയെ പീഡിപ്പിക്കുന്നത് 2016 മുതൽ
- പെൺകുട്ടി പ്രസവിക്കുന്നത് 2016 ഡിസംബറിൽ
- ചൈൽഡ് ലൈൻ വിവരം പൊലീസിന് കൈമാറി
- 2017 ഫെബ്രുവരി 28ന് വൈദികൻ അറസ്റ്റിലായി
- ഇതുവരെ വൈദികന് ജാമ്യം കിട്ടിയിട്ടില്ല
- ആശുപത്രി അധികൃതരടക്കം പത്ത് പേർ കസ്റ്റഡിയിൽ
- സുപ്രീംകോടതി ആശുപത്രി അധികൃതരെ വിട്ടയച്ചു
- 2018 ആഗസ്റ്റ് 1ന് പോക്സോ കോടതിയിൽ വിചാരണ തുടങ്ങി
- പെൺകുട്ടിയും മാതാപിതാക്കളും മൊഴിമാറ്റി
- സ്വന്തം പിതാവാണ് പീഡിപ്പിച്ചതെന്ന് വരുത്താനും ശ്രമം
- ഫാദർ റോബിനെ മാത്രമാണ് കോടതി കുറ്റക്കാരനായി കണ്ടത്

വിധികേട്ടശേഷം കോടതിക്കു പുറത്തുവരുന്ന ഫാ. റോബിൻ

കുടുക്കിയത് ശാസ്ത്രീയ തെളിവുകൾ പേജ് 7

ദുബായ് മോഡൽ സ്മാർട്ട് പൊലീസ് സ്റ്റേഷൻ വരുന്നു

എം.എച്ച്. വിഷ്ണു

● ജീവനക്കാരുണ്ടാവില്ല ● കിയോസ്കിൽ പരാതി പറയാം ● പരാതി റെക്കാഡ് ചെയ്യും

ദുബായ്: ദുബായ് പൊലീസിന്റെ മാതൃകയിൽ സ്മാർട്ട് പൊലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തും ആരംഭിക്കുമെന്ന് ലോക കേരളസഭ പ്രഥമ പശ്ചിമേഷ്യൻ സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജീവനക്കാരില്ലാത്തതും കടലാസ്രഹിതവുമാണ് സ്മാർട്ട് സ്റ്റേഷനുകൾ. ഇടനിലക്കാരുടെ ആവശ്യമില്ല. ഒരുമുറി മാത്രമുള്ള സ്റ്റേഷനിൽ കയറിയാൽ വാതിൽ താനേ അടയും. എ.ടി.എം പോലുള്ള കിയോസ്കിൽ 5 ഭാഷകളിൽ ആവശ്യം അറിയിക്കാം. ഏത് പൊലീസ് ഉദ്യോഗസ്ഥനുമായും സംസാരിക്കാം. ഇത് പൊലീസ് ആസ്ഥാനത്ത് റെക്കാഡ് ചെയ്യപ്പെടും.

24 മണിക്കൂറും പ്രവർത്തിക്കുന്നതാണ് സ്മാർട്ട് സ്റ്റേഷനുകൾ. ലോകത്തെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സ്മാർട്ട് പൊലീസ് സ്റ്റേഷനാണ് ദുബായ് ജുമൈറയിലേത്. ഇവിടെ മുഖ്യമന്ത്രി സന്ദർശനം നടത്തി. ദുബായ് പൊലീസിന്റെ കമാൻഡർ ഇൻ- ചീഫ് മേജർ ജനറൽ അബ്ദുള്ള ഖാലിദ് അൽ മെറി, ബ്രിഗേഡിയർ അബ്ദുള്ള ഖാദി, കേണൽ ഹുസൈൻ ബിൻ ഖലിറ്റ, മേജർ അഹമ്മദ് ബിൻ ഫഹദ് എന്നിവരും മുഖ്യമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

കേരളത്തിൽ സ്മാർട്ട് സ്റ്റേഷൻ തുടങ്ങാൻ എല്ലാ സഹായവും ദുബായ് പൊലീസ് കമാൻഡർ ഇൻ ചീഫ് ഉറപ്പു നൽകിയതായി മുഖ്യമന്ത്രി പറഞ്ഞു. സ്മാർട്ട് സ്റ്റേഷനിലെ കിയോസ്കിൽ മലയാളവും കൂട്ടിച്ചേർക്കാൻ സാങ്കേതിക വിദഗ്ധരെ ദുബായ് അയച്ചുതരും. തുടർ നടപടിക്ക് ഐ.ടി സെക്രട്ടറിക്ക് അപ്പോൾ തന്നെ മുഖ്യമന്ത്രി നിർദ്ദേശം നൽകി. സ്മാർട്ട് സ്റ്റേഷനുകളെക്കുറിച്ച് പഠിക്കാൻ പൊലീസ് മേധാവി ലോക്നാഥ് ബെഹറ്റയ്ക്ക് നിർദ്ദേശം നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

സമാപന സമ്മേളനത്തിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, ചീഫ് സെക്രട്ടറി ടോം ജോസ്, വ്യവസായികളായ എം.എ. യൂസഫലി, രവിപിള്ള, ആസാദ് മൂപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

ദുബായിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ മുഖ്യമന്ത്രി പിണറായിവിജയൻ സന്ദർശിച്ചപ്പോൾ

മലയാളി സംഘടനയ്ക്ക് അനുമതി

ദുബായിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മലയാളികളുടെ സംഘടന രൂപീകരിക്കാൻ ദുബായ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് അതോറിട്ടി ഡയറക്ടർ ജനറൽ തത്വത്തിൽ അനുമതി നൽകി. മലയാളികളുടെ സർഗവാസനകൾ പ്രതിഫലിപ്പിക്കാൻ കഴിയുന്ന വിജ്ഞാന, സാംസ്കാരിക നിലയമാക്കി ഇതിനെ മാറ്റുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വനിതാ ഡോക്ടറെ ഭീഷണിപ്പെടുത്തി 90 പവനും പണവും കവർന്നു

നെട്ടമ്പാശേരി : രണ്ടംഗ മുഖംമൂടി സംഘം ഒറ്റയ്ക്ക് താമസിക്കുന്ന വനിതാ ഡോക്ടറെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയശേഷം 90 പവനും 70,000 രൂപയും കവർന്നു.

അത്താണി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന് സമീപം താമസിക്കുന്ന ചെങ്ങമനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോ. ഗ്രേസ് മാത്യുവിന്റെ(54) വീട്ടിൽ ഇന്നലെപുലർച്ചെ രണ്ടിനായിരുന്നു സംഭവം.

മഞ്ഞപ്ര സ്വദേശിയായ ഡോ. ഗ്രേസ് മാത്യു 15 വർഷമായി ഇവിടെ തനിച്ചാണ് താമസിക്കുന്നത്. ഭർത്താവ് ഡോ. മാത്യു ന്യൂയോർക്കിലും മകൻ ഡോ. അജിത്ത് മുംബയിൽ നേവിയിലുമാണ്. മുഖംമൂടിയും അടിവസ്ത്രവും ധരിച്ചാണ് മോഷ്ടാക്കളെത്തിയത്. വീടിന്റെ പിൻവാതിൽ കുത്തിത്തുറന്ന് അകത്തുകടന്ന മോഷ്ടാക്കൾ താഴത്തെയും മുകളിലത്തെയും നിലകളിൽ തെരച്ചിൽ നടത്തിയ ശേഷമാണ് ഗ്രേസ് മാത്യു ഉറങ്ങിക്കിടന്ന മുറിയിലെത്തിയത്. ശബ്ദം കേട്ട് എഴുന്നേറ്റ ഗ്രേസിനെ കട്ടിലിലേക്ക് തള്ളിയിട്ട് ഒഴിഞ്ഞ മദ്യക്കുപ്പി വീശി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. തുടർന്നാണ് അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങളും പണവും കവർന്നത്.

ബന്ധുവിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നതിന് രണ്ടുമാസം മുമ്പാണ് ബാങ്ക് ലോക്കറിൽ സൂക്ഷിച്ചിരുന്ന സ്വർണം തിരിച്ചെടുത്തത്. ഇക്കാര്യം വ്യക്തമായി അറിയാവുന്നവരാണ് കവർച്ചയ്ക്ക് പിന്നിലെന്നാണ് പൊലീസ് വിലയിരുത്തൽ. ജില്ലാ പൊലീസ് മേധാവി രാഹുൽ ആർ. നായർ, ആലുവ ഡിവൈ.എസ്.പി എൻ.ആർ. ജയരാജ് എന്നിവരുടെ നേതൃത്വത്തിൽ പൊലീസും ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ദ്ധരും അന്വേഷണം ആരംഭിച്ചു.

പൊലീസ് നായ വീടിന് പിന്നിലെ മതിലിന് സമീപം വരെ ഓടിനിന്നു. സമീപത്തെ സി.സി.ടി.വി ദൃശ്യം പൊലീസ് ശേഖരിച്ചു. ചെങ്ങമനാട് എസ്.ഐ സുധീറിന്റെ നേതൃത്വത്തിലാണ് അന്വേഷണം.

കവർച്ച നടന്ന വീട്ടിൽ ഡോഗ് സ്ക്വാഡ് പരിശോധന നടത്തുന്നു

തലവര

പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത ഏറ്റവും വേഗമേറിയ ടെയിൻ പക്ഷവിനെ ഇടിച്ച് ബ്രേക്ക് ഡൗണായി

ടെയിൻ ടെയിൻ 'ഗോ' എവേ... കം എഗെയ്ൻ അനദർ ഡേ...

കുറഞ്ഞ മാസ വേതനം 9,750 രൂപയാക്കണം

വേതന നിർണയ സമിതി ശുപാർശ

ന്യൂഡൽഹി: ദേശീയതലത്തിൽ പ്രതിമാസം 9,750 രൂപ അല്ലെങ്കിൽ ദിവസം 375 രൂപ കുറഞ്ഞ വേതനമായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാരിന് വേതന നിർണയ സമിതി ശുപാർശ ചെയ്തു. ഹൗസിംഗ് അലവൻസായി 1,430 രൂപ അധികം അനുവദിക്കാനും ശുപാർശയുണ്ട്. തീരുമാനം കേന്ദ്രം അംഗീകരിച്ചാൽ വിവിധ മേഖലകളിലെ സാഹചര്യങ്ങൾക്ക് അനുസരിച്ച് സംസ്ഥാന സർക്കാരുകൾ മിനിമം വേതനം നിശ്ചയിക്കുന്നത് മാറും.

2018 ജൂലായ് അടിസ്ഥാനമാക്കിയാണ് കുറഞ്ഞ ദിവസ വേതനം 375 രൂപ അല്ലെങ്കിൽ പ്രതിമാസ വേതനം 9,750 രൂപ എന്ന കണക്ക് സമിതി സമർപ്പിച്ചത്. എല്ലാ മേഖലകളിലും തൊഴിലാളികളുടെ വൈദഗ്ദ്ധ്യം, ജോലി, ഗ്രാമ-നഗര വ്യത്യാസങ്ങളില്ലാതെ ഒരേ മിനിമം വേതനം നടപ്പാക്കാനാണ് ശുപാർശ. നിലവിലെ സാഹചര്യങ്ങൾ അനുസരിച്ച് വീട്ടുവാടക ഇനത്തിൽ അധിക അലവൻസായി ദിവസം 55 രൂപ അല്ലെങ്കിൽ പ്രതിമാസം 1,430 രൂപ അനുവദിക്കണമെന്നും ശുപാർശയുണ്ട്. നഗരങ്ങളിൽ ഈ അലവൻസ് വ്യത്യാസപ്പെടാം. ജനസംഖ്യാനുപാതം മാറിയതിന്റെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തെ 3.6 ഉപഭോഗയൂണിറ്റ് എന്ന രീതിയിലാണ് സമിതി പരിഗണിച്ചത്. നിലവിൽ ഒരു കുടുംബത്തിൽ മൂന്ന് യൂണിറ്റ് എന്ന തോതിലാണ് വേതനം നിശ്ചയിക്കുന്നത്.

കടബാദ്ധ്യത: ഇടുക്കിയിൽ ഒരു കർഷകൻ കൂടി ജീവനൊടുക്കി



ചെറുതോണി : പെരിഞ്ചാംകുട്ടി ചെമ്പകപ്പാറയിലെ കർഷകനായ നക്കരയിൽ ശ്രീകുമാർ(59) കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്തു. വെള്ളിയാഴ്ച വൈകിട്ട് വിഷം കഴിച്ച ഇയാളെ ബന്ധുക്കൾ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഇന്നലെമുന്നിയോടെ മരിച്ചു. ഫെഡറൽ ബാങ്ക്, മുരിക്കാശ്ശേരി സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുത്താണ് കൃഷി ചെയ്തിരുന്നത്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും പ്രൈവറ്റ് ബാങ്കുകൾക്കും പണം നൽകാനുണ്ട് 15ലക്ഷത്തോളം രൂപയുടെ കടമുണ്ടെന്നാണ് വിവരം. പെരിഞ്ചാംകുട്ടിയിലെ രണ്ടേക്കറിലെ കൃഷി കാലവർഷത്തിൽ നശിച്ചതിന്റെ നിരാശയാണ് ആത്മഹത്യയ്ക്ക് കാരണമെന്നാണ് അറിയുന്നത്. ഇതോടെ ഇടുക്കിയിൽ കടക്കെണി മൂലം ജീവനൊടുക്കുന്ന കർഷകരുടെ എണ്ണം അഞ്ച് ആയി. ഉഷാകുമാരിയാണ് ഭാര്യ. മക്കൾ അനൂപ്, അപർണ.